<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3673</u> <u>09-10-2025 - ൽ മറുപടിയ്ക്ക്</u>

<u>കുണ്ടറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന കേരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് നൽകാമോ? | (എ) | **കുണ്ടറ മണ്ഡലത്തിൽ കുണ്ടറ, പേരയം, കൊറ്റങ്കര പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. കുണ്ടറ പഞ്ചായത്തിൽ 2022 -23, 2023-24, 2024-25 വർഷങ്ങളിലും, പേരയം പഞ്ചായത്തിൽ 2023-24, 2024-25, 2025-26 വർഷങ്ങളിലുമാണ് കേരഗ്രാമം ഒന്ന്, രണ്ട്, മൂന്ന് വർഷ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. കൊറ്റങ്കര പഞ്ചായത്തിൽ 2025-26 ഒന്നാം വർഷ കേരഗ്രാമം അനുവദിച്ചിട്ടുണ്ട്.**<br><br>**കുണ്ടറ കൃഷിഭവന്റെ കീഴിൽ 2022 -23 സാമ്പത്തിക വർഷത്തിൽ 'കേരഗ്രാമം ഒന്നാം വർഷം' നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.**<br><br>**കുണ്ടറ പഞ്ചായത്തിൽ ഒന്നാം വർഷകേരഗ്രാമം പദ്ധതി പ്രകാരം 10 ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി 188016/- രൂപ ചെലവഴിച്ചു. രണ്ടാം വർഷം ജൈവവള, ജൈവകീടനാശിനി വിതരണങ്ങൾക്കായി 800000/- രൂപ ചെലവഴിച്ചു. മൂന്നാം വർഷം ജൈവവള വിതരണത്തിനായി 376000/- രൂപ ചെലവഴിച്ചു. മൂന്നു വർഷങ്ങളിലായി ആകെ 1492 കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭ്യമായി.**<br><br>**പേരയം കൃഷിഭവന്റെ കീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ 'കേരഗ്രാമം ഒന്നാം വർഷം' നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.**<br><br>പേരയം പഞ്ചായത്തിൽ ഒന്നാം വർഷ കേരഗ്രാമം പദ്ധതി പ്രകാരം 3 ഘടകങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിക്കായി 60028/- രൂപ ചെലവഴിച്ചു. രണ്ടാം വർഷം രാസവള വിതരണത്തിനായി 300000/- രൂപ ചെലവഴിച്ചു. രണ്ട് വർഷങ്ങളിലായി ആകെ 975 |

| | | | |
|---|---|---|---|
| | | | കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭ്യമായി. മൂന്നാം വർഷ കേരഗ്രാമം പദ്ധതി 2025-26 ൽ നടപ്പിലാക്കി വരുന്നു.<br><br>**കൊറ്റങ്കര പഞ്ചായത്തിൽ 2025-26 ഒന്നാം വർഷ കേരഗ്രാമം അനുവദിച്ചിട്ടുണ്ട്. ടിപദ്ധതി യിൽ ഇടവിള കൃഷിക്കായി 392950/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയിൽ 750 ഗുണഭോക്താക്കളുണ്ട്.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| കേരഗ്രാമം ഒന്നാം വർഷം, കുണ്ടറ കൃഷിഭവൻ 2022 -23 | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ഘടകം | ഭൗതികനേട്ടം | സാമ്പത്തി കനേട്ടം | |
| 1 | രോഗം വന്ന തെങ്ങ് മുറിച്ചു മാറ്റൽ | 1000 എണ്ണം | 1000000 | |
| 2 | തെങ്ങിൻ തൈ വിതരണം | 700 എണ്ണം | 42000 | |
| 3 | ഇടവിള | 31 എണ്ണം | 186000 | |
| 4 | പമ്പ് സെറ്റ് വിതരണം | 24 എണ്ണം | 183160 | |
| 5 | തെങ്ങ് കയറ്റയന്ത്രം | 25 എണ്ണം | 50000 | |
| 6 | ജൈവവള ഉല്പാദന യൂണിറ്റ് | 4 എണ്ണം | 40000 | |
| 7 | കുമ്മായം വിതരണം | 9600 കി.ഗ്രാം | 72000 | |
| 8 | ജൈവവള വിതരണം | 12500 കി.ഗ്രാം | 200000 | |
| 9 | കേരസമിതിക്ക് സഹായം | | 100000 | |
| 10 | ഓപ്പറേഷണൽ സപ്പോർട്ട് | | 7000 | |
| | ആകെ | | 1880160 | |

## അനുബന്ധം-2

| കേരഗ്രാമം ഒന്നാം വർഷം, പേരയം കൃഷിഭവൻ 2023-24 | | | | |
|---|---|---|---|---|
| ക്രമ നമ്പർ | ഘടകം | ഭൗതികനേട്ടം | സാമ്പത്തിക പുരോഗതി | ഗുണഭോക്താക്കളുടെ എണ്ണം |
| 1 | രോഗം വന്ന തെങ്ങ് മുറിച്ചു മാറ്റൽ | 523 എണ്ണം | 523000 | 975 |
| 2 | കേരസമിതിക്ക് സഹായം | | 70280 | |
| 3 | ഓപ്പറേഷണൽ സപ്പോർട്ട് | | 7000 | |
| | ആകെ | | 600280 | |